**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5375** **03-11-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ നിയന്ത്രണ മേഖലയിലെ വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | 2011-ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള CRZ ദൂരപരിധിയിൽ ഇളവ് വരുത്തികൊണ്ട് 18.01.2019 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന സംസ്ഥാന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിന്റെ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ. കരട് തീരദേശ പരിപാലന പ്ലാനിന് അന്തിമ രൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് CRZ മേഖലയിലെ വാസഗൃഹനിർമ്മാണത്തിന് ഇളവുകൾ ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത മേഖലയിൽ ഭൂമിയുണ്ട് എന്ന കാരണത്താൽ വേറെ ഭൂമിയില്ലാത്തവർക്ക് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ല എന്നത് പരിഗണിച്ച് പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കാൻ അനുമതി നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | തീരദേശ നിയന്ത്രണ മേഖല വിജ്ഞാപന പ്രകാരം CRZ മേഖലയിലെ ഏതൊരു നിർമ്മാണ പ്രവർത്തനത്തിനും തീരദേശ പരിപാലന അതോറിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്. തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ നിലവിൽ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകുവാൻ തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ